(ബി) ടി പദ്ധതികളുടെ പൂർത്തീകരണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഇത്തരം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(ബി&സി) 1. കൈനകരി പഞ്ചായത്ത് ആറാം വാർഡിൽ വെള്ളമത്തറ, ചാലേച്ചിറ ലൂർദ്ദ് മാതാ ചർച്ച് എന്നിവ ബന്ധിപ്പിക്കുന്ന ടാക്കർ റോഡും ഇരട്ട കലുങ്ക് നിർമ്മാണവും

2. വെളിയനാട് പഞ്ചായത്തിൽ പി.ഡബ്ല്യു.ഡി. റോഡ് മുതൽ എൻ.എസ്.എസ്. സ്കൂൾ വരെ ടാക്കർ റോഡ് നിർമ്മാണം എന്നീ മൈനർ ഇറിഗേഷൻ പ്രവൃത്തികൾക്ക് തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള അനുമതി ലഭിക്കാത്തതിനാലാണ് ടി പ്രവർത്തികൾ പൂർത്തീകരിക്കുവാൻ വൈകുന്നത്. തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുന്നതാണ്.

**മങ്കടയിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ**

200(946) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വിഭാഗം വഴി നടപ്പിലാക്കിവരുന്ന ആനപ്പാറ പൊറ്റമ്മൽ കടവിലെ ചെക്ക്ഡാം നിർമ്മാണം, മൂർക്കനാട് പോത്തുള്ളച്ചിറ വി.സി.ബി. നിർമ്മാണം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ബാക്കിയുള്ളത്; പ്രവൃത്തികൾ സമയപരിധി നിശ്ചയിച്ച് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) മങ്കട നിയോജക മണ്ഡലത്തിൽ ആനപ്പാറ-പൊറ്റമ്മൽ ചെക്ക് ഡാം നിർമ്മാണം മേജർ ഇറിഗേഷൻ വിഭാഗത്തിനു കീഴിലാണ് വരുന്നത്. പ്രസ്തുത പ്രവൃത്തി 77 ശതമാനം പൂർത്തിയായി. ചെയ്യു തീർക്കാനുള്ള പ്രവൃത്തിയിൽ വിയർ ബോഡിയുടെ 20 മീറ്റർ നീളത്തിലുള്ള ഫൗണ്ടേഷനും ഇടതു കരയോടു ചേർന്ന് 22 മീറ്റർ നീളത്തിൽ വിയർ ബോഡിയും ഇടതു കരയിൽ താഴ്ഭാഗത്തുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണ ഭിത്തിയും ഉൾപ്പെടുന്നു. മഴമൂലം പ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണ്. മഴ തീരുന്ന മുറയ്ക്ക് പ്രവൃത്തികൾ സമയപരിധി നിശ്ചയിച്ച് പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. മൈനർ ഇറിഗേഷനു കീഴിൽ വരുന്ന മൂർക്കനാട് പോത്തുള്ളിച്ചിറ വി.സി.ബി. നിർമ്മാണ പ്രവൃത്തിയുടെ കരാറുടമ്പടി വച്ച് സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട്.

(സി) ഈ മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വിഭാഗം മുഖേന പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

മൈനർ ഇറിഗേഷൻ മുഖാന്തരം മങ്കട മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു.

**ഇരുമ്പിളിയം - എടയൂർ - വളാഞ്ചേരി കുടിവെള്ള പദ്ധതി**

201(947) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന ഇരുമ്പിളിയം- എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കുമോ?

കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ ഇരുമ്പിളിയം-എടയൂർ- വളാഞ്ചേരി കുടിവെള്ള പദ്ധതി മൂന്ന് പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. നിലവിലുള്ള കിണറിന്റെ നവീകരണം, ജല ശുദ്ധീകരണ ശാല, പമ്പിംഗ് മെയിനുകൾ, ടാങ്കുകൾ എന്നിവയുടെ നിർമ്മാണം ഉൾപ്പെട്ട പാക്കേജ്-1-ലെ പ്രവൃത്തികൾ 60 ശതമാനം പൂർത്തീകരിച്ചു. വിതരണ ശൃംഖല സ്ഥാപിക്കുന്ന പാക്കേജ് 2-ലെ പ്രവൃത്തിയും ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ ഉൾപ്പെടുന്ന പാക്കേജ്-3-ലെ പ്രവൃത്തിയും പുരോഗമിച്ചു വരുന്നു.

(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

2022 മേയ് മാസത്തോടെ പ്രസ്തുത പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.